DESPATCHED
On..25/02/2020

31/01/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**ഹർജി നമ്പർ CP.No. 876(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 13024/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| **ശ്രീ. അനിൽ ആൽബിൻ, പാർട്ണർ,<br>മേലയിൽ ഇൻഡസ്ട്രിയൽ &<br>കൊമേഴ്സ്യൽ എന്റർപ്രൈസസ് (MICE),<br>മേലയിൽ, മതിലിൽ,<br>പെരിനാട് പി.ഒ., കൊല്ലം – 691 601.** | പരാതിക്കാരൻ |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>O/o സ്പെഷ്യൽ തഹസിൽദാർ (LA.1),<br>കൊല്ലം.** | എതിർകക്ഷി |

## ഉത്തരവ്

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, 09.07.1990 ലെ 4 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചത് കൊല്ലം ജില്ലയിൽ ശക്തികുളങ്ങര വില്ലേജ് ഓഫീസിലെ ഏതെല്ലാം രേഖകൾ പരിശോധിച്ചാണ് 14.06.2018 ലെ അപേക്ഷയ്ക്കും 18.06.2018 തീയതിയിലെ അപേക്ഷയിലും വ്യക്തമായ വിവരം ലഭ്യമാക്കണം എന്നാണ്. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു.

2. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, സമാന വിഷയവുമായി ബന്ധപ്പെട്ട് ടിയാൻ നിരവധി അപേക്ഷകൾ നൽകുന്നുണ്ട് എന്നും അതിനെല്ലാം മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനായി ഫയൽ പരിശോധിക്കുന്നതിന് അവസരം നൽകി എന്നുമാണ്.

3. നേർവിചാരണയ്ക്ക് ഹാജരായ പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ അറിയിച്ചത്, 11.09.2018 ൽ സമർപ്പിച്ച അപേക്ഷയ്ക്ക് ഏകദേശം 75 ദിവസം കഴിഞ്ഞിട്ടാണ് മറുപടി ലഭ്യമായത് എന്നാണ്.

4. ടിയാൻ 13.11.2018 ൽ കമ്മീഷൻ മുമ്പാകെ നൽകിയ പരാതിയിൽ 11.09.2018 ൽ സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല എന്നാണ്. എന്നാൽ കമ്മീഷൻ

മുമ്പാകെ എഴുതി നൽകിയ സ്റ്റേറ്റ്മെന്റിൽ അറിയിക്കുന്നത് മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് 75 ദിവസം കഴിഞ്ഞ് മറുപടി ലഭ്യമായി എന്നാണ്.

4. പരാതി ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ 11.09.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമായി എന്ന നിഗമനത്തിൽ കമ്മീഷൻ എത്തിച്ചേരുന്നു. ഇപ്രകാരം ഈ പരാതി ഹർജി **ഇന്നേ ദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

RIGHT TO INFORMAT